| | | |
|---|---|---|
| 8. | കാസർഗോഡ്-കട്ടീൽ | 1 സർവ്വീസ് |
| 9. | കാസർഗോഡ്-മാനസ | 1 സർവ്വീസ് |
| 10. | കാസർഗോഡ്-സുബ്രഹ്മണ്യ | 1 സർവ്വീസ് |
| 11. | കാസർഗോഡ്-കോഴിക്കോട് | 1 സർവ്വീസ് |
| 12. | കാസർഗോഡ്-പട്ള-മധൂർ-മൊണ്ടിത്തടുക്ക | 1 സർവ്വീസ് |
| 13. | കാസർഗോഡ്-പുത്തൂർ | 1 സർവ്വീസ് |
| 14. | കാസർഗോഡ്-പുത്തൂർ (കുമ്പള വഴി) | 1 സർവ്വീസ് |
| 15. | കാസർഗോഡ്-പുത്തൂർ-ധർമ്മസ്ഥല | 1 സർവ്വീസ് |
| 16. | കാസർഗോഡ്-കോട്ടയം | 1 സർവ്വീസ് |
| | ആകെ | 26 എണ്ണം |

**മാവേലിക്കരയിൽ നിന്നും ബാംഗ്ളൂരിന് എക്സ്പ്രസ് ബസ് സർവ്വീസ് ആരംഭിക്കുവാൻ നടപടി**

**227 (4016)** ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കരയിൽ നിന്നും ബാംഗ്ളൂരിന് കെ.എസ്.ആർ.ടി.സി. യുടെ ഒരു എക്സ്പ്രസ് ബസ് സർവ്വീസ് ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

മാവേലിക്കരയിൽ നിന്നും നിലവിൽ തെങ്കാശിക്ക് മാത്രമേ അന്തർ സംസ്ഥാന സർവ്വീസുള്ളൂ. ഇപ്പോൾ പ്രാബല്യത്തിലുള്ള അന്തർ സംസ്ഥാന കരാറിൽ മാവേലിക്കരയിൽ നിന്നും ബാംഗ്ളൂരിലേയ്ക്ക് ഒരു എക്സ്പ്രസ് ബസ് സർവ്വീസ് ആരംഭിക്കുന്നതിന് ധാരണ ഇല്ലാത്തതിനാൽ ഈ ആവശ്യം പരിഗണിക്കാൻ കഴിയില്ല.

**വടകര ഡിപ്പോയിലെ റദ്ദാക്കപ്പെടുന്ന ബസ് സർവ്വീസുകൾ**

**228 (4017)** ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കോഴിക്കോട് ജില്ലയിലെ വ്യത്യസ്ഥ ഡിപ്പോകളിലേക്ക് അനുവദിച്ച പുതിയ ബസുകൾ എത്രയെണ്ണമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയവ അനുവദിച്ചിട്ടുണ്ടെങ്കിൽ അതിൽ എത്രയെണ്ണം വടകര ഓപ്പറേറ്റിംഗ് സെന്ററിലേക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ വടകര ഓപ്പറേറ്റിംഗ് സെന്ററിൽ എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നതിനായി ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ബസിന്റെ തകരാറ് കാരണം ഈ സാമ്പത്തിക വർഷം എത്ര സർവ്വീസുകൾ റദ്ദാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലേയ്ക്ക് 86 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. ഡിപ്പോ തിരിച്ച് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കോഴിക്കോട് | - | 49 |
| വടകര | - | 9 |
| തൊട്ടിൽപാലം | - | 14 |
| താമരശ്ശേരി | - | 14 |

(ബി) ഒൻപത് (9) എണ്ണം.

(സി) വടകര ഓപ്പറേറ്റിംഗ് സെന്ററിൽ 16 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനായി 18 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

(ഡി) ബസ്സിന്റെ കുറവുമൂലം പ്രതിദിനം ശരാശരി മൂന്ന് (3) സർവ്വീസുകൾ എന്ന കണക്കിൽ ആകെ 1,105 സർവ്വീസുകൾ കഴിഞ്ഞ സാമ്പത്തിക വർഷം റദ്ദുചെയ്യേണ്ടിവന്നിട്ടുണ്ട്.

**കാക്കനാട് ഇൻഫോപാർക്ക്-കരിമുകൾ-പുത്തൻകുരിശ് റൂട്ടിൽ സിറ്റി സർവ്വീസ് ആരംഭിക്കാൻ നടപടി**

**229 (4018)** ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരത്തിൽ കെ.എസ്.ആർ.ടി.സി. സിറ്റി സർവ്വീസ് ബസ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാക്കനാട്-ഇൻഫോപാർക്ക്-കരിമുകൾ-പുത്തൻകുരിശ് റൂട്ടിൽ സിറ്റി സർവ്വീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ മൂവാറ്റുപുഴയിൽ നിന്നും ആലുവായിൽ നിന്നും ഓരോ സർവ്വീസുകൾ ഈ റൂട്ടിൽ ഓടിക്കുന്നുണ്ട്. ലാഭകരമായി ഓടിക്കുവാൻ കഴിയുമോയെന്ന് പരിശോധിച്ചതിനുശേഷം മാത്രമേ പുതിയ സർവ്വീസുകൾ വീണ്ടും ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly